# നർത്തനം ചെയ്തീടാവൂ!

ടി. ഉബൈദ്

കാരുണ്യപ്പൊൽത്തിടമ്പായ്, മാനവലോകത്തിന്നു
കാഞ്ചന പ്രദീപമായ് വിളങ്ങും ഗുരുഭൂതാ,
ഭാവൽക്കഗുണൗഘങ്ങളുദ്ഗാനം ചെയ്യുവോർക്കു
കൈവരും ചിദാനന്ദം വർണിപ്പാനെളുതാമോ?
കെല്പില്ലാകിലും ഭവൽ പുണ്യാപദാനം പാടാ–
നല്പേതരാഭിലാഷം തിരതല്ലുന്നൂ ഹൃദി.
എൻ മനശ്ശാരികേ, നീ പാടുക, മധുരമാ–
യമ്മഹൽക്കീർത്തനങ്ങൾ–നിർവൃതിപൂകട്ടേ ഞാൻ!
സൃഷ്ടിയാം ഗ്രന്ഥത്തിന്റെയാമുഖമായി മുന്നം
സ്രഷ്ടാവിൻമുമ്പിൽ നൃത്തമാടിന പൊന്മയൂരം;
സമസ്തലോകങ്ങൾക്കുമനുഗ്രഹമായ്, പുണ്യ–
പുമാനായ്, പ്രവാചകപ്രഭുവായ് ജന്മംപൂണ്ടു.
മന്നിനെ നാകമാക്കിക്കാണിച്ച 'നൂറുല്ലാ'താൻ
ഔന്നത്യം പാർത്തുപാർത്തു ലജ്ജിപ്പൂ അർശുപോലും
പാവനസ്സീനിനാഖ്യ ഗിരിയും മുഹമ്മദിൻ
ചേവടിചേരും മണൽത്തരിക്കു സമമാമോ?
അങ്ങയെ വലംവെപ്പൂ ഗോളങ്ങൾ മുറ്റും ഭക്ത്യാ;
അങ്ങുതൻപ്രഭകൊണ്ടേ സൂര്യനും പ്രകാശിപ്പൂ.
കിരാതപ്രായരായി മേവിനോർ, ജഗത്തിന്നു
ഗുരുവര്യരായ് വാഴ്‌വൂ നബിതൻശിക്ഷണത്താൽ;
പരക്കേ ദൈവങ്ങളെ വെച്ചുപൂജിച്ചോർ, മോദാൽ
വരിപ്പൂ ജീവത്യാഗം തൗഹീദിൻ പ്രതിഷ്ഠയ്ക്കായ്!
അന്തഃഛിദ്രത്താൽ ഹന്ത! രുധിരമൊഴുക്കിയോർ
ബന്ധുരസമൈക്യപ്പൊൻ ചങ്ങലക്കണ്ണികളായ്!
ഊരിയ വാളുമായിത്തലകൊയ്യുവാൻ വന്ന
വീരനാമുമർ പാദദാസനായ്ത്തിരിക്കുന്നൂ!
കൊടിയ വർണഭേദം ധർമമായ് വിശ്വസിച്ചോർ
പടവെട്ടുന്നൂ സർവസമത്വം സംസ്ഥാപിക്കാൻ!

പാരതന്ത്ര്യത്തിൻ മരുഭൂവിങ്കൽ വലഞ്ഞോരു
നാരീ വർഗവും ദാസവൃന്ദവുമൊരേവണ്ണം
പരമസ്വാതന്ത്ര്യത്തിൻതണലിൽ മേവിനാരെൻ
ഗുരുവിൻ ജനതാത്വപ്പൂവാടി പൂകിയപ്പോൾ!
'ഉമ്മി'യായ് വാണീടിന റസൂൽതാനുലകിന്നു
സമ്മാനിച്ചതാം ഖുർആൻ –വിജ്ഞാനരത്നാകരം–
വിജ്ഞനെ, ശാസ്ത്രജ്ഞനെ, ക്കവിയെ, ച്ചിന്തകനെ
വിസ്മയസ്തബ്ധരാക്കി മുഴപ്പൂ ജയഭേരി!
രാജാധികാരത്തോടെ വാണരുളീടുമ്പോഴും
വ്യാജമല്ലല്ലോ വെറും 'ഫഖീറാ'യങ്ങു മേവി;
ഇരുകാൽത്തളിരിലും നീർക്കെട്ടു ബാധിപ്പോള–
മിരവിൽദൈവധ്യാനമഗ്നനായ് പലനാളു;
പൊന്നും വെള്ളിയും ശതക്കണക്കിൽ യുക്തംപോലെ
പൊന്നുതൃക്കൈയാൽ ദാനം ചെയ്ത നാൾകളിൽപ്പോലും
ഗേഹത്തിൽക്കൊറ്റിനൊട്ടും വകയില്ലാത്തമൂലം
ഹാ, ഹന്ത! പട്ടിണിയായ്ക്കഴിഞ്ഞൂ തിരുമേനി!
അരികൾ കൊടുംദ്രോഹമേൽപിച്ചപോതവർക്കു
പൊറുപ്പാ 'നല്ലാഹു' വോടർഥിച്ച ദയാസിന്ധു
മാറ്റലർ ബന്ധിതരായ്ത്തൻമുമ്പിൽ നിൽക്കുമ്പോഴും
മാപ്പേകവേ വിസ്മയാൽ സ്തംഭിച്ചു മണ്ണും വിണ്ണും!
മരണം വരിച്ചിടുംനേരത്തു 'മുമ്മത്തി'ന്നായ്
ഇരന്ന 'റഹ്മത്തുല്ലിൽ–ആലമീൻ' ഭവാനല്ലോ!
സ്രഷ്ടാവിൻ പുകഴ്ചകൾ നേടിയ മഹാത്മാവിൻ
ശിഷ്ടത്വം വർണിപ്പാനെന്തളിയ പാമരൻ ഞാൻ?
പാരിച്ച ഭക്ത്യാവേശാൽപ്പലതും ജൽപിച്ചു പോയ്;
കാരുണ്യക്കാതലേ,യെൻ സാഹസം പൊറുത്താലും!
മദീയഹൃദ്വാടിയിൽ 'ഹബീബുല്ലാ'തൻ പുണ്യ–
സ്മൃതിയാം പൊന്മയൂരം നർത്തനം ചെയ്തീടാവൂ!

* സാഹിത്യപ്രവർത്തക സഹകരണസംഘം പ്രസിദ്ധീകരിച്ച 'ഉബൈദിന്റെ തെരഞ്ഞെടുത്ത കവിതകൾ' എന്ന സമാഹാരത്തിൽനിന്ന്